# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 3199      14.03.2018-ൽ മറുപടിയ്ക്ക്

## വിദേശത്തു നിന്നും മടങ്ങിവരുന്ന മലയാളികൾക്ക് ബാക്ക് എൻഡ് സബ്സിഡി പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.ഇ. പി.ജയരാജൻ | | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) വിദേശത്തു നിന്നും മടങ്ങി വരുന്ന മലയാളികൾക്ക് വായ്പകൾ ലഭ്യമാക്കുന്നതിന് ധനകാര്യ സ്ഥാപനങ്ങളുമായി സഹകരിച്ച് നടപ്പിലാക്കുന്ന ബാക്ക് എൻഡ് സബ്സിഡി പദ്ധതിയുമായി സഹകരിക്കുന്ന ധനകാര്യ സ്ഥാപനങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ; | (എ) | നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) പദ്ധതിയുമായി നിലവിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, സൗത്ത് ഇന്ത്യൻ ബാങ്ക്, യൂണിയൻ ബാങ്ക്, കേരള സംസ്ഥാന പ്രവാസി ക്ഷേമ വികസന കോ-ഓപ്പറേറ്റീവ് സൊസൈറ്റി, കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങളുമായാണ് എം.ഒ.യു. ഒപ്പിട്ടിട്ടുള്ളത്. കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക്, ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്കുകൾ എന്നിവയെക്കൂടി പദ്ധതിയുടെ കീഴിൽ കൊണ്ടുവരാൻ നടപടി ആരംഭിച്ചിട്ടുണ്ട്. |
| (ബി) എന്തെല്ലാം ആവശ്യങ്ങൾക്കാണ് പ്രസ്തുത സ്ഥാപനങ്ങൾ വായ്പകൾ ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (ബി) | നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) പദ്ധതിയിൻ കീഴിൽ കാർഷികം, കച്ചവടം, ഉൽപ്പാദനം, സേവനം എന്നീ മേഖലകളിൻ കീഴിലുള്ള വിവിധ സ്വയം തൊഴിൽ സംരംഭങ്ങൾക്കായി വായ്പ അനുവദിക്കുന്നുണ്ട്. |
| (സി) പരമാവധി എത്ര തുകയാണ് വായ്പയായി ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കുമോ ; <br><br> ഡി) പ്രസ്തുത വായ്പകളുടെ പരമാവധി തിരിച്ചടവ് കാലാവധി എത്രയാണെന്ന് വ്യക്തമാക്കുമോ ; | (സി) യും ഡി) യും | പരമാവധി 20 ലക്ഷം രൂപ വരെ മൂലധനചെലവ് വരുന്ന സംരംഭങ്ങൾക്കാണ് വായ്പ അനുവദിക്കുന്നത്. വായ്പാ തുക വായ്പയുടെ തിരിച്ചടവ് കാലാവധി എന്നിവ പൂർണ്ണമായും ബാങ്കുകളുടെ ചട്ടപ്രകാരമാണ് തീരുമാനിക്കപ്പെടുന്നത്. |

| | | | |
|---|---|---|---|
| ഇ) | പ്രസ്തുത വായ്പകൾക്ക് നല്കുന്ന സബ്സിഡി എത്ര ശതമാനമാണെന്നും പരമാവധി എത്ര തുക സബ്സിഡി നൽകുമെന്നും സബ്സിഡി ലഭിക്കുന്നതിനുള്ള നിബന്ധനകൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ ? | ഇ) | 20 ലക്ഷം രൂപ വരെ മൂലധന ചെലവ് പ്രതീക്ഷിക്കുന്ന സ്വയം തൊഴിൽ സംരംഭങ്ങൾക്ക് പദ്ധതി ചെലവിന്റെ15 % മൂലധന സബ്സിഡി (പരമാവധി ) 3 ലക്ഷം രൂപ വരെ നല്കുന്നു. സംരംഭം വിജയകരമായി നടത്തുന്നവർക്ക് ആദ്യത്തെ 4 വർഷം പലിശയിനത്തിൽ 3% സബ്സിഡിയും ലഭിക്കുന്നു.<br>മൂലധന സബ്സിഡി ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.<br>● പ്രസ്തുത സ്വയം തൊഴിൽ സംരംഭം മൂലധന സബ്സിഡി അനുവദിച്ച് കുറഞ്ഞത് 4 വർഷം പ്രവർത്തനം പൂർത്തീകരിക്കണം<br>● പ്രസ്തുത സംരംഭം മറ്റ് കൃത്രിമ മാർഗ്ഗങ്ങളിലൂടെ സബ്സിഡിക്ക് അർഹത നേടിയതാകരുത്.<br>● ലോൺ കാലാവധി കഴിഞ്ഞു നേരിട്ട് ഗുണഭോക്താവിന് സബ്സിഡി കൈപ്പറ്റുകയോ പദ്ധതി വിപുലീകരണത്തിന് പ്രസ്തുത തുക ഉപയോഗിക്കുകയോ ചെയ്യാവുന്നതാണ്.<br>● ഗുണഭോക്താവിന് ലോൺ എടുത്ത് 4 വർഷം പൂർത്തിയാകുന്ന മുറയ്ക്ക് ലോൺ പൂർണ്ണമായും തിരിച്ചടച്ച ശേഷമോ, ലോൺ ക്ലോസ് ചെയ്യുന്നതിനോ സബ്സിഡി തുക ഉപയോഗിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ